പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1227 — 03/12/2015 ൽ മറുപടിക്ക്

## ഹെഡ് സർവ്വേയറന്മാരുടെ വാർഷിക ഇൻക്രിമെന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശശി | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർവ്വേ വകുപ്പിലെ ഹെഡ് സർവ്വേയറന്മാർക്ക് വാർഷിക ഇൻക്രിമെന്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നും വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. ഹെഡ് സർവ്വേയർ തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് റൂൾ 6 പ്രകാരം ടെസ്റ്റ് യോഗ്യത നേടേണ്ട ആവശ്യമില്ലെന്നും, ഇവരുടെ തടഞ്ഞുവച്ചിട്ടുള്ള വാർഷിക ശമ്പള വർദ്ധനവ് കുടിശ്ശിക അനുവദിച്ചു നൽകണമെന്നുമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01/09/2014 ലെ ഉത്തരവിനെതിരെ സർക്കാർ സമർപ്പിച്ച OP(KAT) 79/15, 81/15, 83/15, 89/15, 88/15, 90/15, 96/15 എന്നീ അപ്പീൽ ഹർജികൾ 20/10/2015 ന് തള്ളി ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത വിധി നടപ്പാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ അത് എന്നത്തേയ്ക്ക് നടപ്പാക്കുമെന്ന് അറിയിക്കുമോ? | (ബി) ഫയൽ സമയബന്ധിതമായി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ